(ബി, സി) നിയമാനുസൃതം നൽകുന്ന ടി. എ. കാലാകാലം പരിഷ്കരിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

65 [1270] ശ്രീ. ടി. കെ. ബാവൻ :
,, രാജു എബ്രഹാം :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് ഈ അംഗൻവാടികളിലൂടെ ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയൊണ് ;

(സി) അംഗൻവാടികളിലൂടെ ഇപ്പോൾ ആർക്കൊക്കെയാണ് ഭക്ഷണം വിതരണം ചെയ്യുന്നത് ;

(ഡി) എത്ര അംഗൻവാടികളിൽ ഇപ്പോൾ ടീച്ചർമാരുടെയും ആയമാരുടെയും (ഹെൽപ്പർ) തസ്തിക ഒഴിഞ്ഞുകിടക്കുന്നു ;

(ഇ) അംഗൻവാടി ടീച്ചർമാർക്കും ആയ (ഹെൽപ്പർ) മാർക്കും ശമ്പള വർദ്ധനവ്, പെൻഷൻ തുടങ്ങിയവ കാലോചിതമായി ഉയർത്തണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം (അതായത് കെട്ടിടം, കുടിവെള്ളം, വൈദ്യുതി മുതലായവ) മെച്ചപ്പെടുത്തുന്നതിന് ഫണ്ട് ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവന ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തകർക്ക് പരിശീലനവും റിഫ്രഷർ കോഴ്സും നടത്തിവരുന്നുണ്ട്.

(ബി) ആകെ അനുവദിച്ചിട്ടുള്ള 25393 അംഗൻവാടികളിൽ 25187 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അംഗൻവാടികളിലൂടെ പോഷകാഹാര വിതരണം, അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിശോധന, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള അനുപൂരക പോഷകാഹാര വിതരണം, ബാലിക സമൃദ്ധി യോജന മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ഭക്ഷണം നൽകിവരുന്നുണ്ട്.

(ഡി) വർക്കർമാരുടെ 1302-ഉം ഹെൽപ്പർമാരുടെ 1920-ഉം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ഇ) അംഗൻവാടി ഹെൽപ്പർമാർ/വർക്കർമാർ എന്നിവരുടെ സേവന വേതന വ്യവസ്ഥകളെപ്പറ്റി ഏകാംഗകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം തുടങ്ങുന്നതിന് നടപടി

66 [1271] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം തുടങ്ങുന്നതിന് സർക്കാർ തീരുമാനമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഈ വിഭാഗം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ആശുപത്രി ഒരു ഇ. എസ്. ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഇ. എസ്. ഐ. കോർപ്പറേഷൻ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കോർപ്പറേഷൻ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങളിൻമേൽ ഇ. എസ്. ഐ. കോർപ്പറേഷന്റെ അംഗീകാരം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly